**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** **27-01-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ അഭിമാന വൻകിട പദ്ധതികളിൽ ഒന്നായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയുടെയും ദീർഘവീക്ഷണത്തിന്റെയും മാതൃകയാണ് വിഴിഞ്ഞം പദ്ധതി. 2015 ൽ പദ്ധതിക്കുള്ള കരാർ ഒപ്പവച്ചെങ്കിലും പ്രവർത്തി കാര്യമായി മുന്നോട്ട് പോയിരുന്നില്ല. 2016 ൽ അധികാരത്തിൽ വന്ന സർക്കാർ നടത്തിയ നിരന്തര പരിശ്രമങ്ങളുടെ ഫലമായാണ് പദ്ധതി യാഥാർത്ഥ്യമായത്. ഓഖിയും പ്രളയവും കോവിഡും ഉൾപ്പെടെയുള്ള പ്രതികൂല സാഹചര്യങ്ങൾ തുറമുഖ നിർമ്മാണത്തെ ബാധിച്ചിരുന്നു. അത്തരം ഘട്ടങ്ങളിലെല്ലാം സർക്കാർ നിശ്ചയ ദാർഢ്യത്തോടെ നടത്തിയ ഇടപെടലുകൾ പദ്ധതി പൂർത്തീകരണത്തിന് വഴി തെളിച്ചു. കമ്മീഷൻ ചെയ്ത് ഒരു വർഷം തികയുമ്പോൾ നവകേരളത്തിന്റെ വികസന വിസ്മയമായി പദ്ധതി മാറിക്കഴിഞ്ഞു.<br><br>2024 ഡിസംബർ 3 ന് പ്രവർത്തനം ആരംഭിച്ച ശേഷം മദർ ഷിപ്പുകൾ ഉൾപ്പെടെ 670 കപ്പലുകൾ ആണ് തുറമുഖത്ത് കൈകാര്യം ചെയ്തത്. ഇതുവരെ 14.3 ലക്ഷം TEU കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു. സ്ഥാപിത ശേഷിയുടെ 131% അധികം നേട്ടം കൈവരിക്കാനായി. യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഏഷ്യയിലെ വിവിധ പ്രദേശങ്ങൾ, പശ്ചിമേഷ്യ, ദക്ഷിണാഫ്രിക്ക, ചൈന എന്നിവിടങ്ങളിൽ നിന്ന് നേരിട്ടുള്ള കണക്ടിവിറ്റി ഇതിനകം സാധ്യമായിട്ടുണ്ട്. ദേശീയ തലത്തിൽ നിരവധി റെക്കോർഡുകൾ തുറമുഖം ഇതിനകം സ്വന്തമാക്കിയിട്ടുണ്ട്.<br><br>തുറമുഖത്തിന്റെ തുടർഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം 24.01.2026 ന് മുഖ്യമന്ത്രി നിർവ്വഹിച്ചു. തുറമുഖത്തിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കേണ്ടിയിരുന്നത് 2045 |

| | | | |
|---|---|---|---|
| | | | ൽ ആയിരുന്നു. എന്നാൽ 17 വർഷം മുമ്പ്, അതായത് 2028 ൽ ആ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണ വികസനം കൈവരിക്കുന്നതോടെ വിഴിഞ്ഞം തുറമുഖം രാജ്യാന്തര ട്രാൻസ്ഷിപ്പ്മെന്റ് ഹബ് ആയി മാറും. |
| (ബി) | വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം നിർമ്മാണ-വികസന പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2015 ഓഗസ്റ്റ് 17-ന് കേരള സർക്കാർ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പിട്ട "Concession Agreement" പ്രകാരം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ II, III, IV ഘട്ടങ്ങൾ 2045-നകം അല്ലെങ്കിൽ തുറമുഖത്തിന്റെ നിലവിലെ ശേഷിയുടെ 75% തുടർച്ചയായി മൂന്ന് വർഷം കൈകാര്യം ചെയ്യാൻ സാധ്യമായാൽ (ഇവയിൽ ഏത് വേഗത്തിൽ സംഭവിച്ചാലും ആ സമയത്തേക്ക്) അതിന് ശേഷം 5 വർഷത്തിനുള്ളിൽ എന്ന വ്യവസ്ഥയിൽ വികസിപ്പിക്കാനായിരുന്നു വിഭാവനം ചെയ്തിരുന്നത്.<br>എന്നാൽ, വിഴിഞ്ഞം പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്താണ് സർക്കാർ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് - മായി Supplementary Concession Agreement 2024 നവംബർ 28-ന് ഒപ്പിട്ടത്. കരാർ പ്രകാരം II, III, IV ഘട്ടങ്ങൾ സംയോജിപ്പിച്ച Capacity Augmentation ഘട്ടമായി മുന്നോട്ട് കൊണ്ടുപോകാനും നടപ്പിലാക്കാനും തീരുമാനിച്ചു. പദ്ധതിയുടെ പൂർണ്ണ വികസന കാലപരിധി 17 വർഷം നേരത്തെയാക്കാൻ ഇതിലൂടെ കഴിയും. അതനുസരിച്ച് പൂർത്തീകരണം 2028 ഡിസംബറിലാണ് ലക്ഷ്യമിടുന്നത്.<br>ഇതിന്റെ ഭാഗമായി, നിലവിലെ 800 മീറ്റർ കണ്ടെയ്നർ ബെർത്ത് 1200 മീറ്റർ കൂടി നീട്ടി, ആകെ 2000 മീറ്റർ ആയി വികസിപ്പിക്കും. നിലവിലുള്ള 2.96 കിലോമീറ്റർ പുലിമുട്ട് 3.88 കിലോമീറ്റർ ആയി വർധിപ്പിക്കും. കണ്ടെയ്നർ യാർഡിനായി ഏകദേശം 50 ഹെക്ടർ ഭൂമി കടൽ നികത്തി വികസിപ്പിക്കുന്നതാണ്. കൂടുതൽ യന്ത്രോപകരണങ്ങൾ സ്ഥാപിക്കുകയും ആധുനിക ഓട്ടോമേഷൻ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യും.<br>നിലവിലുള്ള 8 Ship-to-Shore (STS) ക്രെയിനുകൾക്ക് പുറമേ 12 എണ്ണം കൂടി സ്ഥാപിക്കും. നിലവിലുള്ള 24 യാർഡ് ക്രെയിനുകൾക്ക് പുറമേ 27 എണ്ണം കൂടി സ്ഥാപിക്കുന്ന താണ്.<br>തുറമുഖത്തിന്റെ ഒന്നാം ഘട്ടം 24,000 TEU വരെ ശേഷിയുള്ള ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിൽ വികസിപ്പിച്ചിരിക്കുന്നു. എന്നാൽ തുടർ ഘട്ടങ്ങൾ പൂർത്തിയായാൽ, ഭാവിയിൽ വരാൻ സാധ്യതയുള്ള 28,000 TEU ശേഷിയുള്ള പുതുതലമുറ |

| | | | |
|---|---|---|---|
| | | | കണ്ടെയ്നർ കപ്പലുകളും കൈകാര്യം ചെയ്യാൻ തുറമുഖം സജ്ജമാകും.<br>തുടർ ഘട്ടങ്ങൾ പൂർത്തിയായാൽ, 5 മദർ ഷിപ്പുകൾ വരെ തുറമുഖത്തിൽ ഒരേ സമയം കൈകാര്യം ചെയ്യാൻ സാധിക്കുകയും തുറമുഖത്തിന്റെ പ്രതിവർഷ ശേഷി 10 ലക്ഷം TEU-യിൽ നിന്ന് 30 ലക്ഷം TEU ആയി വർധിക്കും. പ്രതിവർഷം 57 ലക്ഷം TEU വരെ കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിൽ തുറമുഖം വികസിക്കും. |
| (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ വലിയ കുതിച്ചുചാട്ടമുണ്ടാകാനിടയുണ്ടെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ശുഭപ്രതീക്ഷ നൽകുന്ന വിവിധ സംരംഭങ്ങൾക്കും മാറ്റങ്ങൾക്കും വഴിതെളിക്കും.<br><br>• വ്യാപാരവും കയറ്റുമതിയും വർദ്ധിപ്പിക്കൽ.<br>• കയറ്റുമതി സാധ്യതകൾ ഗണ്യമായി വർധിക്കും. ഇത് കാർഷിക ഉൽപ്പന്നങ്ങൾ, സമുദ്രോത്പ ന്നങ്ങൾ, എന്നിവയുടെ കയറ്റുമതി കൂടുതൽ കാര്യക്ഷമമാക്കുകയും, ആഗോള വിപണിയിലേ ക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുകയും ചെയ്യും.<br>• ലോജിസ്റ്റിക്സ് ചെലവുകളും കാലതാമസവും കുറയ്ക്കാൻ സഹായിക്കും.<br>• സമുദ്ര വ്യാപാര-ലോജിസ്റ്റിക്സ് ഹബ്ബായി മാറാനുള്ള സാധ്യത.<br>• വിഴിഞ്ഞത്തിന് ഒരു കേന്ദ്ര വാണിജ്യ ഇടനാഴിയായി മാറാൻ സാധിക്കുന്നതാണ്.<br>• ഇതുവഴി തുറമുഖത്തിന് ചുറ്റും വ്യാവസായിക ക്ലസ്റ്ററുകളും നിർമാണ കേന്ദ്രങ്ങളും രൂപപ്പെടുകയും, അത് സാമ്പത്തിക വൈവിധ്യവൽക്കരണത്തിന് ശക്തി പകരുകയും ചെയ്യും.<br>• വർദ്ധിച്ച തൊഴിലവസരങ്ങളും നൈപുണ്യ വികസനവും<br>• പ്രത്യക്ഷവും പരോക്ഷവുമായ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും.<br>• തുറമുഖവുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പരിപാടികൾ പ്രാദേശിക തൊഴിലാളികളെ ശാക്തീകരിക്കുകയും, തൊഴിലില്ലായ്മ കുറയ്ക്കുകയും, പ്രത്യേകിച്ച് തീരദേശ സമൂഹങ്ങളിൽ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.<br>• പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കും കണക്റ്റിവിറ്റിക്കും ഉത്തേജനം.<br>• വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം റോഡ്, റെയിൽ, മൾട്ടിമോഡൽ |

| | | | |
|---|---|---|---|
| | | | കണക്ടിവിറ്റി എന്നിവയിൽ മെച്ചപ്പെടുത്തലുകൾക്ക് വഴിയൊരുക്കും.<br>• മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ടൂറിസം, റീട്ടെയിൽ, റിയൽ എസ്റ്റേറ്റ് തുടങ്ങിയ അനുബന്ധ മേഖലകളിലെ വളർച്ചയ്ക്ക് ഉത്തേജനം നൽകും.<br>• ദീർഘകാല സാമ്പത്തിക വളർച്ച.<br>• ആഗോള ഷിപ്പിങ് കമ്പനികളെയും നിക്ഷേപകരെയും ആകർഷിക്കും. ഇത് അന്താരാഷ്ട്ര വിതരണ ശൃംഖലകളിൽ (International supply chains) സംസ്ഥാനത്തിന് നിർണ്ണായകമായ ഒരു സ്ഥാനം നേടിക്കൊടുക്കും. |
| (ഡി) | വിഴിഞ്ഞം തുറമുഖത്ത് നിലവിൽ എത്ര കപ്പലുകൾ എത്തിച്ചേർന്നിട്ടുണ്ടെന്നും എത്ര കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ഡി) | 2025 ഡിസംബർ വരെ 670 കപ്പലുകൾ എത്തിച്ചേരുകയും 14.35 ലക്ഷം കണ്ടെയ്നറുകൾ തുറമുഖത്ത് കൈകാര്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടൊപ്പം റോഡു മാർഗ്ഗമുള്ള ചരക്കുനീക്കവും റെയിൽ കണക്ടിവിറ്റിയും യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം തന്നെ റോഡ്, റെയിൽ മാർഗ്ഗമുള്ള ചരക്കുനീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയപാത (NH-66) - യുമായി ബന്ധിപ്പിക്കുന്ന താത്കാലിക കണക്ടിവിറ്റിക്ക് ഇപ്പോൾ NHAI-യുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടുണ്ട്. താൽക്കാലിക പാത ക്രമീകരണങ്ങൾക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) കേരള റീജിയണൽ ഓഫീസർ 16-01-2026-ൽ അനുമതി നൽകുകയുണ്ടായി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഭാവിയിൽ ഔട്ടർ റിംഗ് റോഡും കൂടി ഉൾപ്പെടുത്തിക്കൊണ്ട് വർദ്ധിച്ച കണ്ടെയ്നർ ട്രെയിലറുകളുടെ സുഗമമായ നീക്കം സാധ്യമാക്കുന്നതിനായി സ്ഥിരമായ ഒരു ക്ലോവർലീഫ് ഇന്റർകണക്ഷൻ (Cloverleaf Interconnection) നിർമ്മിക്കുന്ന പദ്ധതി രൂപരേഖയും തയ്യാറാക്കി NHAI-ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>റെയിൽ കണക്ടിവിറ്റി തുറമുഖ പദ്ധതിയുടെ ഒരു പ്രധാന അനുബന്ധ സൗകര്യമായാണ് നടപ്പിലാക്കുന്നത്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) മുഖേന വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി ദക്ഷിണ റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾക്കും |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനുമായി ഭരണപരവും സാമ്പത്തികവുമായ അനുമതികളുടെ അന്തിമ ഘട്ടത്തിലാണ്. 2028 ഡിസംബറോടെ റെയിൽ കണക്റ്റിവിറ്റി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. തുറമുഖത്ത് നിന്നുള്ള കാര്യക്ഷമവും സുസ്ഥിരവുമായ ചരക്കുനീക്കം ഇതുവഴി സാധ്യമാകും. |

സെക്ഷൻ ഓഫീസർ